**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2984** **18-03-2022 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്ക് മേൽപ്പറഞ്ഞ പ്രകാരം ഉള്ള പ്രമോഷനുവേണ്ടി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം സർട്ടിഫിക്കറ്റ് ക്വാട്ട, ഡിപ്ലോമ ക്വാട്ട എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിപ്ലോമാ, സർട്ടിഫിക്കറ്റ് ക്വാട്ട അനുവദിക്കുന്നതിലെ തർക്കം സംബന്ധിച്ച് കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി ഡി.പി.സി കൂടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രൊമോഷനായി മാറ്റി വച്ച ഒഴിവുകളുടെ വിവരം താഴെ പറയും പ്രകാരമാണ്. ഡിപ്ലോമ ക്വാട്ട – 50 ഒഴിവുകൾ<br>സർട്ടിഫിക്കറ്റ് ക്വാട്ട – 25 ഒഴിവുകൾ |
| (ബി) | പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കാമോ; 29.5.2021 ലെ എ3/5000/2020 ഉത്തരവിൻ പ്രകാരം പ്രമോഷൻ നൽകിയതിനുശേഷം പിന്നീട് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത ഒഴിവുകൾ 01.03.2021 മുതലുള്ള റിട്ടയർമെന്റിന്റെയും 31.01.2022ലെ ജി.ഒ.(ആർ.റ്റി)71/2022/ജവിവ നം. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. 29/05/2021ലെ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ എ3/5000/2020 ഉത്തരവു പ്രകാരമുള്ള സ്ഥാനക്കയറ്റം നൽകിയതിനുശേഷം ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടയിൻമേലുള്ള തർക്കം മൂലം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സ്ഥാനക്കയറ്റം നൽകുന്നതിനായി ഡി.പി.സി കൂടി സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ പ്രൊമോഷൻ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| (സി) | 29.5.2021 ൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെന്നും ആയതിൽ ഓരോ ക്വാട്ടയിലും എത്ര വീതം പ്രമോഷൻ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; പ്രസ്തുത തസ്തികയിലേക്ക് മേൽ പറഞ്ഞ പ്രകാരം ഇനി എപ്പോൾ പ്രമോഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ഡിപ്ലോമ, സർട്ടിഫിക്കറ്റ് കാറ്റഗറികളിലായി ആകെ 84 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. ആയതിൽ: (1)ഡിപ്ലോമ കാറ്റഗറിയിൽ 29/05/2021-ലെ എ3/5000/2020 ഉത്തരവ് പ്രകാരം 41 പേർക്കും 26.10.2021-ലെ ഉത്തരവ് നം.എ3/7800/2020 പ്രകാരം ഒരാൾക്കും, (2) സർട്ടിഫിക്കറ്റ് കാറ്റഗറിയിൽ 29/05/2021ലെ എ3/5000/2020 ഉത്തരവ് പ്രകാരം 28 പേർക്കും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് കോടതി വ്യവഹാരങ്ങളിൽ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്ന അന്തിമവിധി അനുസരിച്ച് മാത്രമേ പ്രൊമോഷൻ നൽകുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനാകൂ. |

സെക്ഷൻ ഓഫീസർ